പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.986 29.09.2011 ൽ മറുപടിയ്ക്ക്

വലിയ പറമ്പ് ദ്വീപ് പഞ്ചായത്ത് പരിധിയിൽ വില്ലേജ് ഓഫീസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (റവന്യൂ വകുപ്പുമന്ത്രി) |
| വില്ലേജ് ഓഫീസ് ഇല്ലാത്ത അപൂർവ്വം പഞ്ചായത്തുകളിൽ ഒന്നായ വലിയ പറമ്പ് ദ്വീപ് പഞ്ചായത്ത് പരിധിയിൽ വില്ലേജ് ഓഫീസ് അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ? | ജനസംഖ്യ, ഭൂവിസ്തൃതി, ത്രിതല പഞ്ചായത്ത് സംവിധാനം, പിന്നോക്കാവസ്ഥ തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ താലൂക്കുകളുടെയും വില്ലേജുകളുടെയും പുനഃസംഘടന/രൂപീകരണം സംബന്ധിച്ച് ലാൻറ് റവന്യൂ കമ്മീഷണറേറ്റും സർക്കാർ റവന്യൂ വകുപ്പും സംയുക്തമായി 2007 ൽ ഒരു പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. റിപ്പോർട്ട് വിശദമായി പരിശോധിച്ച് സർക്കാരിനുണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യതയും അനുബന്ധ പ്രശ്നങ്ങളും കണക്കിലെടുത്ത് നയപരമായ തീരുമാനം കൈക്കൊണ്ടതിനുശേഷം മാത്രമേ വലിയ പറമ്പ് വില്ലേജ് ഓഫീസ് രൂപീകരിക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ